# Indian School Al Wadi Al Kabir

## Pre-Mid Term Examination 2026- 27

## Malayalam (Third Language)

Class: VIII Max. Marks:30

Date: 21/05/2026 Time: 1 hour

***General Instruction*:**

**Please check that this question paper contains 4 printed pages and 11 questions.**

---

1) **തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**
**(ഓരോന്നിനും 1 മാർക്കു വീതം)** **(5 x 1= 5)**

ഒരിക്കൽ ഒരു സിംഹം കാട്ടിൽ കിടന്നുറങ്ങുകയായിരുന്നു. ഒരു ചുണ്ടെലി അതിന്റെ മീതെകൂടി ചാടിപ്പോകാൻ ഇടയായി. സിംഹം ഉണർന്ന് ഓടിപ്പോകുന്ന എലിയെക്കണ്ടു. അതിനെ കൈനീട്ടിപ്പിടിച്ചു. പിന്നെ വായിലേക്ക് ഇടാൻ തുടങ്ങി. അപ്പോൾ ചുണ്ടെലി പറഞ്ഞു; "മഹാരാജാവേ, ഇപ്രാവശ്യം എന്നോടു ക്ഷമിക്കൂ. അങ്ങു ചെയ്യുന്ന ഉപകാരം ഒരിക്കലും മറക്കുകയില്ല. എന്നെങ്കിലും ഒരിക്കൽ അവിടുന്നെ സഹായിക്കാൻ എനിക്ക് ഇടവരും. ആർക്കറിയാം ദൈവഹിതം?” ഒരു ചുണ്ടെലിക്കു തന്നെ രക്ഷിക്കാൻ കഴിയുമെന്നു പറയുന്നതു കേട്ടപ്പോൾ സിംഹത്തിന് തമാശ തോന്നി. എങ്കിലും സിംഹം ചുണ്ടെലിയെ വിട്ടുകളഞ്ഞു. കുറേനാൾ കഴിഞ്ഞ്, സിംഹം വേടന്മാരുടെ വലയിൽ പെട്ടു. സിംഹത്തിനെ ജീവനോടെ രാജാവിന് കാഴ്ചവെയ്ക്കണമെന്ന് വേടന്മാർ നിശ്ചയിച്ചു. അതിനാൽ അവർ സിംഹത്തെ ഒരു മരത്തിൽ കെട്ടിയിട്ടു. പിന്നെ അതിനെ കൊണ്ടുപോകാനുള്ള വണ്ടി ഏർപ്പാട് ചെയ്യാനായി പോയി.
ഈ സമയം ചുണ്ടെലി അതിലെ വരാനിടയായി. സിംഹം ആപത്തിൽ പെട്ടിരിക്കുന്നത് അതു കണ്ടു. ചുണ്ടെലി അടുത്തുചെന്ന് സിംഹത്തിനെ കെട്ടിയിട്ടിരുന്ന ചരട് കരണ്ടുമുറിച്ചു. സിംഹം സ്വതന്ത്രനായി. അപ്പോൾ ചുണ്ടെലി ചോദിച്ചു; “ഞാൻ പറഞ്ഞത് ഇപ്പോൾ ശരിയായി കലാശിച്ചില്ലേ ?"

**ചോദ്യങ്ങൾ**

1. സിംഹം ഉണരാൻ കാരണമെന്ത്?

2. എന്താണ് ചുണ്ടെലി സിംഹത്തിനോട് അപേക്ഷിച്ചത്?

3. സിംഹത്തിന് തമാശ തോന്നാൻ കാരണമെന്ത്?

4. വേടന്മാർ നിശ്ചയിച്ചതെന്ത്?

5. ചുണ്ടെലി എങ്ങനെയാണ് സിംഹത്തെ രക്ഷിച്ചത്?

**2) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** (3x 1= 3)

1) 'അയാൾ അവളുടെ കൈ പിടിച്ചു കയറ്റി'. ആരാണ് കുഞ്ഞുപാത്തുമ്മയുടെ കൈ പിടിച്ചു കയറ്റിയത് ?

(മജീദ്, നിസാർ അഹമ്മദ്, അബ്ദുൾ ഖാദർ)

2) "അതിനെയും അല്ലാഹു സൃഷ്ടിച്ചതാണ്. കൊല്ലാൻ പാടില്ല. പാപമാണ്. "
എന്തിനെക്കുറിച്ചാണ് കുഞ്ഞുപാത്തുമ്മ ഇങ്ങനെ ചിന്തിച്ചത്?

(ആനയെക്കുറിച്ച്, അട്ടയെക്കുറിച്ച് , കുരുവിയെക്കുറിച്ച് )

3) 'വല്ലഭന് പുല്ലും ആയുധം'. ആരെപ്പറ്റിയാണ് ഇങ്ങനെ പറയുന്നത് ?

(വൈക്കം മുഹമ്മദ് ബഷീറിനെപ്പറ്റി, നിസാർ അഹമ്മദിനെപ്പറ്റി, ആനമക്കാറിനെപ്പറ്റി)

**3) അർഥം എടുത്തെഴുതുക.** (4x ½= 2)

1) വല്ലഭൻ

(ഭർത്താവ്, ഭാര്യ, അച്ഛൻ)

2) വിശുദ്ധി

(പരിഷ്കൃതം, സൃഷ്ടി, പരിശുദ്ധി)

3) നിഷ്കളങ്കം

(ധൃതിയില്ലാത്ത, തിടുക്കമില്ലാത്ത, കളങ്കമില്ലാത്ത)

4) കാപട്യം

(കബളിപ്പിക്കൽ, തിരിച്ചറിയൽ, നിഷേധിക്കൽ)

**4) പര്യായപദങ്ങൾ എടുത്തെഴുതുക.** (4x ½= 2)

1) മകൻ

(കാന്തൻ, പതി, പുത്രൻ, സുതൻ)

2) വെള്ളം

(ജലം, സലിലം, ഝഷം, സുമം)

3) ചിറക്

(പക്ഷം, പാണി, പത്രം, ഹസ്തം)

4) രക്തം

(ചോര, നിണം, മനം, ചിത്തം)

**5) വിപരീതപദം എടുത്തെഴുതുക. (4x ½= 2 )**

1) ഗുണം

(ദോഷം, നിന്ദ, രസം)

2) വിശ്വാസം

(ആശ്വാസം, അസ്വാസ്ഥ്യം, അവിശ്വാസം)

3) പാപം

(പുണ്യം, ഗുണം, സത്യം)

4) ദാരിദ്ര്യം

(ദുരിതം, സമ്പന്നം, സംഹാരം)

**6) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക. (4x ½= 2)**

1) മഹാദ്ഭുതം/മഹാത്ഭുധം/മഹാദ്ഭുദം

2) ഗ്രാമവിഷുദ്ധി/ഗ്രാമവിശുദ്ദി/ഗ്രാമവിശുദ്ധി

3) കുഡുംബം/കുടുംബം/കുടുംമ്പം

4) മാന്ദ്രികൻ/ മാന്ത്രികൻ/ മാന്ധ്രികൻ

**7) എതിർലിംഗം എടുത്തെഴുതുക. (4x ½= 2)**

1) തമ്പുരാൻ

(തമ്പി , തമ്പുരാട്ടി, തമ്പാൻ)

2) മകൻ

(മക്കൾ, മകൾ, മരുമകൻ)

3) നായിക

(നായകർ, നായകൻ, നായകി)

4) കെട്ടിയോൻ

(വേട്ടവൻ, കെട്ടിയോൾ, കെട്ടവർ)

**8) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക. (4x ½= 2)**

1) ബാപ്പയും \ അട്ടയ്ക്ക് \ ആ \ ഉമ്മയും \ കാണും

2) പെൺകുട്ടിയായിരുന്നു \ ഒരു \ കുഞ്ഞുപാത്തുമ്മ \ പാവം

3) അവൾ \ വേഗം \ കയറി \ കരയ്ക്ക് \ പേടിച്ച്

4) എപ്പോഴും \ പറയുമായിരുന്നു \ പ്രതാപത്തെക്കുറിച്ച് \ പഴയ \ അവർ

**9) പിരിച്ചെഴുതുക.** **(4x ½= 2)**

1) ഒന്നേയുള്ളു 2) ജീവനുണ്ടോ

3) രണ്ടെണ്ണമുണ്ട് 4) ദാരിദ്ര്യത്തിലാണ്

**10) ചേർത്തെഴുതുക.** **(4x ½= 2)**

1) പാപം + ആണ് 2) നരകത്തിൽ + ഇടും

3) അവൾക്ക് + അറിയില്ല 4) വിഷമം + ആണ്

**11) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**. **(4x $1\frac{1}{2}$= 6)**

1) അട്ട കടിച്ചപ്പോൾ കുഞ്ഞുപാത്തുമ്മ ഉറക്കെ നിലവിളിക്കാതിരുന്നത് എന്തുകൊണ്ട് ?

2) "അവളെ പരിചയപ്പെട്ടാൽ നിങ്ങൾ ഒരിക്കലും മറക്കില്ല", ആരെക്കുറിച്ചാണ് ഇങ്ങനെ പരാമർശിക്കുന്നത് ?

3) കുഞ്ഞുപാത്തുമ്മയുടെ ഉമ്മ എപ്പോഴും എന്തിനെപ്പറ്റിയാണ് പറയാറുണ്ടായിരുന്നത്?

4) കുഞ്ഞുപാത്തുമ്മയെ ആരാണ് പാട്ടു പഠിപ്പിച്ചത്?

***